(സി) എല്ലാ വർഷവും ആഗസ്റ്റ് മാസത്തിലാണ് ഐ. ടി. സി. കളിൽ പരിശീലനം തുടങ്ങുന്നത്. ഓരോ വർഷവും നവംബർ/ഡിസംബർ മാസങ്ങളിൽ പുതിയ ഐ. ടി. സി. തുടങ്ങുന്നതിന് സ്വകാര്യ വ്യക്തികളും, ചാരിറ്റബിൾ സംഘടനകളും/ട്രസ്റ്റുകളും എന്നിവയിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ജനുവരിമാസം ഫാറങ്ങൾ വിതരണം ചെയ്യുന്നു. 2000 രൂപയാണ് ഫാറത്തിന്റെ വില പ്രാരംഭ പരിശോധനയ്ക്കു ശേഷം സ്വീകാര്യമായ അപേക്ഷകളിൽ എൽ.സി.വി.ടി.യുടെ നിബന്ധനകളനുസരിച്ച് വർക്ക് ഷോപ്പ്, യന്ത്രസാമഗ്രികൾ, സ്ഥല സൗകര്യം എന്നിവ ഉണ്ടോ എന്ന് വകുപ്പ് ഉദ്യോഗസ്ഥൻമാർ പ്രാഥമിക പരിശോധന നടത്തുന്നു. രണ്ടായിരം രൂപയാണ് ഈ പരിശോധനക്ക് ഈടാക്കുന്നത്. പരിശോധനയിൽ തൃപ്തികരമെന്നു കാണുന്ന ഐ. ടി. സി.കളെ വീണ്ടും മേയ് മാസം ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആൻറ് ട്രെയിനിംഗിന്റെ പ്രതിനിധി കൂടി ഉൾപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നു. ഫീസ് 5000 രൂപ പ്രാരംഭ പരിശോധനയിൽ വർക്ക് ഷോപ്പും, മറ്റു സജ്ജീകരണങ്ങളും തൃപ്തികരമല്ലെന്നുകണ്ടാൽ നാം വിവരം ബന്ധപ്പെട്ട ഐ. ടി. സി. അധികൃതരെ അറിയിക്കുകയും കുറവുകൾ പരിഹരിക്കുന്നതിന് രണ്ടു-മൂന്ന് ആഴ്ചത്തെ സമയം അനുവദിക്കുകയും ചെയ്യുന്നു. തുടർന്നു നടത്തുന്ന പുനഃപരിശോധനയിൽ (ഫീസ് 3000 രൂപ) തൃപ്തികരമെന്നു കണ്ടാൽ ആ സ്ഥാപനങ്ങളെയും സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിശോധനയിൽ ഉൾപ്പെടുത്തുന്നു. തൃപ്തികരമല്ലെന്നുകണ്ടാൽ ആഗസ്റ്റുമാസം ആരംഭിക്കുന്ന കോഴ്സുകളിലേക്ക് ട്രെയിനികളെ പ്രവേശിപ്പിക്കാൻ പ്രസ്തുത സ്ഥാപനങ്ങളെ അനുവദിക്കുകയില്ല. സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് തൃപ്തികരമെന്നു കണ്ടാൽ ടി സ്ഥാപനങ്ങളെ ആഗസ്റ്റു മുതൽ താല്ക്കാലികമായി ട്രെയിനികളെ എടുക്കുന്നതിന് അനുമതി നൽകുകയും ആ സ്ഥാപനങ്ങളെ എൻ.സി.വി.ടി. യുടെ അഫിലിയേഷനു റെക്കമെൻറ് ചെയ്തയക്കുകയും അഫിലിയേഷൻ കിട്ടുന്ന മുറക്ക് ടി സ്ഥാപനങ്ങളെ നിയമാനുസൃത സ്ഥാപനങ്ങളായി അംഗീകരിക്കുകയും ചെയ്യുന്നു.

(ഡി) ഏകദേശം 2357 അദ്ധ്യാപകർ ഉണ്ടെന്നു കണക്കാക്കപ്പെടുന്നു.

(ഇ & എഫ്) ഐ. ടി. സി. കളിലെവിദ്യാർത്ഥികളുടെ പ്രവേശനം, ട്രെയിനിംഗ് നിലവാരം, പരീക്ഷ നടത്തിപ്പ്, സർട്ടിഫിക്കറ്റ് വിതരണം മുതലായ കാര്യങ്ങളിൽ മാത്രമേ സർക്കാരിന് നിയന്ത്രണമുള്ളൂ. ഐ. ടി. സി.കളിലെ അദ്ധ്യാപകരുടെ നിയമനം സർക്കാരിന്റെ നിയന്ത്രണത്തിലല്ല. ഇക്കാരണത്താൽ ഇവർക്ക് സർക്കാർ ഐ. ടി. ഐ. കളിലെ സേവന-വേതന വ്യവസ്ഥകൾ ബാധകമാക്കാൻ നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല.

ഐ. ടി. ഐ. കൾക്കായി പരിശോധനാ സംവിധാനം

53. [1835] ശ്രീ. എ. യൂനസ്കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിനും തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ ഐ. ടി. ഐ. കളിലും അംഗീകൃത സ്വകാര്യ ഐ. ടി. ഐ. കളിലും പരിശോധന നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഏർപ്പെടുത്തിയിട്ടുണ്ട്. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷൻ ട്രെയിനിംഗിന്റെ അഫിലിയേഷൻ ലഭിച്ച സർക്കാർ ഐ. ടി. ഐ.കളുടെയും സ്വകാര്യ ഐ. ടി. സി. കളുടെയും പരിശീലന നിലവാരം ഉറപ്പുവരുത്തുന്നതിനായി വ്യാവസായിക പരിശീലനവകുപ്പിന്റെ കീഴിലുള്ള നാല് മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർ കാലാകാലങ്ങളിൽ പരിശോധന നടത്തി മേൽ നടപടികളും സ്വീകരിക്കുന്നു. കൂടാതെ ടി സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനായി എൻ. സി. വി. ടി.യുടെ പ്രതിനിധിയും വ്യാവസായിക പരിശീലനവകുപ്പിലെ ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു സംഘം വർഷംതോറും ടി സ്ഥാപനങ്ങളിൽ ജോയിന്റ് ഇവാലുവേഷൻ നടത്തുകയും വേണ്ട നിർദ്ദേശങ്ങളും നൽകുകയും ചെയ്യുന്നു.

ഐ.ടി.ഐ.കളിൽ നിന്നും പരിശീലനം നേടുന്നവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

54 [1836] ശ്രീ. എ. യൂനസ് കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി.ഐ. പ്രവേശനത്തിനുള്ള യോഗ്യതകൾ വിശദീകരിക്കുമോ ;

(ബി) ഐ.ടി.ഐ.കളിൽ നിന്ന് പരിശീലനം നേടുന്നവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രീഡിഗ്രി / മെട്രിക്കുലേഷൻ /എസ്. എസ്. എൽ. സി. ജയിച്ചവർക്ക് മെട്രിക് ട്രേഡുകളിലേക്കും, എസ്.എസ്.എൽ.സി. തോറ്റവർക്ക് നോൺമെട്രിക് ട്രേഡുകളിലേക്കും പ്രവേശനം നേടാവുന്നതാണ്. ഇതിൽ ഏകവത്സര കോഴ്സും ദ്വിവത്സര കോഴ്സും ത്രീവത്സര കോഴ്സും ഉൾപ്പെടും. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയ്ക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. കമ്പ്യൂട്ടർ കോഴ്സിന് കണക്ക്, സയൻസ് കോമേഴ്സ് വിഷയങ്ങളിൽ പ്രീഡിഗ്രിയോ, തത്തുല്യ പരീക്ഷയോ പാസായിരിക്കണം. സെക്രട്ടേറിയൽ പ്രാക്ടീസ്, സ്റ്റെനോ ഗ്രാഫി (ഇംഗ്ലീഷ്/ഹിന്ദി) എന്നീ ട്രേഡുകൾക്ക് എസ്.എസ്.എൽ.സി.ക്ക് ആകെ കിട്ടിയമാർക്കാണ് മാനദണ്ഡമായി എടുക്കുന്നത്.

(ബി) പരിശീലനം സൗജന്യമാണ്. കൂടാതെ ആവശ്യമായ ട്രേഡുകളിൽ വർക്ക്ഷോപ്പ് ഡ്രസും സൗജന്യമായി നൽകുന്നു. 30 ശതമാനം പരിശീലകർക്ക് ഹോസ്റ്റലിൽ താമസ സൗകര്യം നൽകുന്നു. ഓരോ ഐ.ടി.ഐ. കളിലും 50% പരിശീലകർക്ക് 40 രൂപ വീതം വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ സ്റ്റൈപന്റ് നൽകിവരുന്നു. (വരുമാന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളെക്കൊണ്ട് സാക്ഷ്യപ്പെടുത്തി പ്രിൻസിപ്പാളിന് നൽകേണ്ടതാണ്). അർഹതയുള്ള പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് ഹരിജൻ/ഗിരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽ നിന്നും സ്റ്റൈപന്റ് നൽകുന്നുണ്ട്. പഠനയാത്രയ്ക്ക് ഓരോ ട്രെയിക്കും പരിശീലന കാലയളവിൽ ഒരിക്കൽ 150 രൂപ നിരക്കിൽ നൽകിവരാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly